# അക്കാദമിക മാസ്റ്റർപ്ളാൻ 2025-26

## ആമുഖം

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുൻസിപ്പാലിറ്റിയിൽ നെടിയിരുപ്പ് പ്രദേശത്ത് കോഴിക്കോട് -പാലക്കാട് ദേശീയപാതയോരത്ത് സ്ഥിതി ചെയ്യുന്ന ഒരു പ്രാഥമിക പൊതുവിദ്യാലയമാണ് നെടിയിരുപ്പ് ജി എൽ പി സ്കൂൾ 1914 ൽ രൂപീകൃതമായ ഈ വിദ്യാലയം കഴിഞ്ഞ 110 വർഷങ്ങളായി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് അതുകൊണ്ടുതന്നെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ഫണ്ടുകൾ ഒന്നും തന്നെ വിദ്യാഭ്യാസ വകുപ്പിൽ നിന്നോ മറ്റു സംവിധാനം വഴിയോ ഈ വിദ്യാലയത്തിന് ലഭിക്കുന്നില്ല അക്കാരണത്താൽ വളരെ ശോചനീയമായ ഭൗതിക സാഹചര്യമാണ് വിദ്യാലയത്തിനുള്ളത് .നെടിയിരിപ്പ് പ്രദേശത്തെ വിദ്യാഭ്യാസ കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ ഏറെ പങ്കുവഹിക്കുന്ന ഒരു വിദ്യാലയമാണ് നെടിയിരിപ്പ് ജി എൽ പി സ്കൂൾ പ്രീ പ്രൈമറി മുതൽ അഞ്ചാം തരം വരെയുള്ള ക്ലാസുകളിൽ ആയാണ് ഈ വിദ്യാലയത്തിൽ അധ്യയനം നടക്കുന്നത് ശോചനീയമായ ഈ ഭൗതിക സാഹചര്യത്തിലും വിദ്യാലയംഅക്കാദമിക രംഗത്ത് വലിയ മുന്നേറ്റങ്ങളാണ് കാഴ്ചവച്ചു കൊണ്ടിരിക്കുന്നത്.കഴിഞ്ഞ വർഷങ്ങളിൽ ഒക്കെ തന്നെ എൽഎസ്എസ് പരീക്ഷകൾ ,ശാസ്ത്രമേളകൾ ,കലാമേളകൾ കായികമേളകൾ എന്നിവയിലൊക്കെ തന്നെ എടുത്തുപറയത്തക്ക നേട്ടമാണ് ഈ വിദ്യാലയത്തിലെ കുട്ടികൾ കാഴ്ച വെച്ചിട്ടുള്ളത്.

ഈ വിദ്യാലയത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിന് വേണ്ടി വിദ്യാലയ വികസന സമിതി രൂപീകരിച്ച് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ് .അതിൻറെ ഭാഗമായി നാട്ടുകാരിൽ നിന്നും ഏകദേശം 50 ലക്ഷത്തോളം രൂപ ഈ ആവശ്യത്തിലേക്ക് സമാഹരിക്കാൻ സാധിച്ചിട്ടുണ്ട് മുൻസിപ്പാലിറ്റിയിൽ നിന്നും 25 ലക്ഷം രൂപ ഈ ആവശ്യത്തിലേക്ക് തരാം എന്ന് വാഗ്ദാനവും നൽകിയിട്ടുണ്ട് .വിദ്യാലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി 30 സെൻറ് സ്ഥലം ഉടമയിൽ നിന്നും വാങ്ങാനായി 30 ലക്ഷം രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട് .ഈ വർഷം തന്നെ ബാക്കി തുകയും നൽകി വിദ്യാലയത്തിന് സ്വന്തമായി സ്ഥലം ലഭ്യമാക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് .സ്ഥലം സ്വന്തമായി ലഭിച്ചു കഴിഞ്ഞാൽ ഈ നാട്ടിലെ കുട്ടികൾക്ക് പഠിക്കാൻ ആവശ്യമായ ഏറ്റവും ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഹൈടെക് കെട്ടിടം നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്.ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുന്നതോടൊപ്പം തന്നെ അക്കാദമിക നിലവാരവും മെച്ചപ്പെടുത്തേണ്ടതുണ്ട്.

## അക്കാദമിക രംഗം കാഴ്ചപ്പാടുകൾ

- ഈ വിദ്യാലയത്തിലെ ഓരോ കുട്ടിയും ഓരോ ക്ലാസിലും നേടേണ്ട ശേഷികൾ നേടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക
- ജനാധിപത്യ കാഴ്ചപ്പാടും മതനിരപേക്ഷ മൂല്യങ്ങളും ഉള്ള പൗരന്മാരായി ഈ വിദ്യാലയത്തിലെ കുട്ടികളെ മാറ്റിയെടുക്കുക
- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യങ്ങൾ ഈ വിദ്യാലയത്തിലും നടപ്പിലാക്കുക
- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക. ഓരോരുത്തർക്കും അവരുടെ കഴിവുകൾ കണ്ടെത്തി അവ വികസിപ്പിക്കാനും അവരുടെ പരിമിതകൾ മനസ്സിലാക്കി അതു മറികടക്കാനും ഉള്ള അവസരങ്ങൾ സൃഷ്ടിക്കുക
- മാതൃഭാഷയ്ക്ക് ഒപ്പം തന്നെ ഇംഗ്ലീഷ് ഹിന്ദി ഭാഷകളിലും ഉയർന്നശേഷി കൈവരിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക
- പാരിസ്ഥിതികാവബോധം മാലിന്യനിർമാർജ്ജനാവബോധം ശാസ്ത്രാവബോധം എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ നൽകുക
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ആവശ്യമായിട്ടുള്ള പഠന പിന്തുണ ഉറപ്പുവരുത്തുക

## അവസ്ഥാ വിശകലനവും മുൻഗണനകളും

നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു വിദ്യാലയം ആയതുകൊണ്ട് തന്നെ വളരെ ശോചനീയമായ ഭൗതിക സാഹചര്യമാണ് ഈ വിദ്യാലയത്തിനുള്ളത് .വേണ്ടത്ര സൗകര്യമില്ലാത്ത ക്ലാസ് മുറികൾ ആയതുകൊണ്ട് തന്നെ വിദ്യാർത്ഥികൾക്ക് സംഘപ്രവർത്തനങ്ങൾക്കും മറ്റ സാങ്കേതികൾ വിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കും വിഘാതം സൃഷ്ടിക്കുന്നുണ്ട്.എന്നാൽ ഈ വിദ്യാലയത്തിലെ ശക്തമായ പിടിഎയും വിദ്യാലയ വികസന സമിതിയും ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കാൻ വേണ്ടി ശ്രമിക്കുന്നുണ്ട്.നെടിയിരുപ്പ് പ്രദേശത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഏറെ പങ്കുവെക്കാൻ കഴിയുന്ന ഒരു വിദ്യാലയമാണ് നെടിയിരിപ്പ് ജി എൽ പി സ്കൂൾ .ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത് 65 സെൻറ് സ്ഥലത്താണെങ്കിലുംകുട്ടികൾക്ക് കളിക്കാനായി നിരപ്പായ കളിസ്ഥലം ഇല്ല എന്നത് വിദ്യാലയത്തിന്റെ വലിയൊരു പരിമിതിയാണ്.താൽക്കാലികമായ പാർട്ടീഷൻ വാളുകൾ ഉപയോഗിച്ച് വേർതിരിച്ചാണ് ഈ വിദ്യാലയത്തിലെ ക്ലാസ് മുറികൾ തയ്യാറാക്കിയിരിക്കുന്നത് .അതുകൊണ്ടുതന്നെ മറ്റു ക്ലാസുകളിൽ നിന്നുള്ള ശബ്ദവും മറ്റും കൊണ്ട് വിദ്യാർത്ഥികൾക്ക് ശാന്തമായ ഒരു പഠനാന്തരീക്ഷം ഒരുക്കാൻ സാധിക്കുന്നില്ല എന്നത് ഈ വിദ്യാലയം നേരിടുന്ന ഒരു വലിയ വെല്ലുവിളിയാണ്. എന്നാൽഈ പരിമിതികൾക്കുള്ളിലുംഅക്കാദമിക നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തന

പദ്ധതികളുമായി ഈ വിദ്യാലയത്തിലെ അധ്യാപകർ മുന്നോട്ടുപോവുകയാണ്. വിദ്യാഭ്യാസ വകുപ്പും മറ്റ് ഏജൻസികളും വിദ്യാഭ്യാസ മേഖലയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളും പദ്ധതികളും ഈ വിദ്യാലയത്തിലും ഏറ്റവും നല്ല രീതിയിൽ നടത്താൻ വേണ്ടി അധ്യാപകർ ശ്രമിക്കുന്നുണ്ട്.ഈ വർഷത്തെ അവധിക്കാല അധ്യാപക സംഗമത്തിൽ വിദ്യാലയത്തിലെ എല്ലാ അധ്യാപകരും പങ്കെടുത്തിട്ടുണ്ട്.അതുകൊണ്ടുതന്നെ വിദ്യാഭ്യാസ മേഖലയിലെ പുതിയ തന്ത്രങ്ങളും സമീപനവും കൃത്യമായി മനസ്സിലാക്കി കൊണ്ടാണ് അധ്യാപകർ കുട്ടികൾക്ക് പഠന പ്രവർത്തനങ്ങൾ നൽകുന്നത് .അക്കാദമിക പ്രവർത്തനങ്ങൾക്ക് പുറമെ കൃഷിയിൽ കുട്ടികളെ താല്പര്യം ഉള്ളവർ ആക്കി തീർക്കുവാൻ ഈ വിദ്യാലയത്തിന് സാധിക്കുന്നുണ്ട്. സ്കൂളിലെ ഉച്ചഭക്ഷണത്തിന് ആവശ്യമായ എല്ലാ തരം പച്ചക്കറികളും സമീപപ്രദേശത്തുള്ള കർഷകരുടെ സഹായത്താൽ ഈ വിദ്യാലയത്തിൽ തന്നെ കൃഷി ചെയ്യുന്നു. ഈ പ്രവർത്തനത്തിൽ വിദ്യാർത്ഥികളും പങ്കാളികളാകുന്നു .അങ്ങനെ നല്ലൊരു കാർഷിക സംസ്കാരം കുട്ടികളിൽ വളർത്തിയെടുക്കാൻ സാധിക്കുന്നുണ്ട് സ്വന്തം വീടുകളിലും പച്ചക്കറിത്തോട്ടങ്ങളും മറ്റും തയ്യാറാക്കുന്നതിന് ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ ശ്രമിക്കുന്നു.

<u>അക്കാദമിക പ്രശ്നങ്ങൾ</u>

- ഭാഷയിലും ഗണിതത്തിലും അടിസ്ഥാനശേഷികൾ കൈവരിക്കുന്നതിന് പ്രയാസം നേരിടുന്ന കുറച്ചു കുട്ടികളെ ങ്കിലും ഈ വിദ്യാലയത്തിൽ ഉണ്ട്
- സ്ഥലപരിമിതി മൂലം കുട്ടികൾക്കായി നല്ലൊരു വായനാമുറിയും ലൈബ്രറിയും ലാബും ഒരുക്കാൻ പ്രയാസം അനുഭവിക്കുന്നു
- ലാപ്ടോപ്പ് പ്രൊജക്ടർ തുടങ്ങിയ സംവിധാനങ്ങൾ ഉണ്ടെങ്കിലും അത് ഉപയോഗിക്കാൻ സൗകര്യപ്രദമായ ക്ലാസ് മുറികൾ ഇല്ലാത്തത് അധ്യാപകർക്ക് ഇത്തരത്തിലുള്ള സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന് തടസ്സം സൃഷ്ടിക്കുന്നു
- എല്ലാ കുട്ടികൾക്കും പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പിന്തുണ ലഭിക്കുന്നില്ല

കുട്ടികൾ അഭിമുഖീകരിക്കുന്ന അക്കാദമിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഹ്രസ്വകാല ദീർഘകാല പ്രവർത്തന പദ്ധതികൾപിടിഎ വിദ്യാലയ വികസന സമിതി സന്നദ്ധ സംഘടനകൾതുടങ്ങിയവയുടെ സഹായത്തോടെആവിഷ്കരിച്ച നടപ്പാക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ കൃത്യമായഇടവേളകളിൽ വിലയിരുത്തുകയും അവയുടെ പുരോഗതി പരിശോധിക്കുകയും ചെയ്യുന്നു.

<u>അക്കാദമിക പ്രവർത്തനങ്ങൾ</u>

ഭാഷാ വികാസം

വിഷയം :മാതൃഭാഷ

<u>ലക്ഷ്യങ്ങൾ</u>

എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുന്നു എന്ന് ഉറപ്പാക്കുക

എല്ലാ കുട്ടികളും ഓരോ പ്രായ ഘട്ടത്തിലും അനുയോജ്യമായ വിധം മികച്ച നിലയിൽ

ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടിയെന്നു ഉറപ്പാക്കുക

കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക

സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക

ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക

ഭാഷാ വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അർത്ഥപൂർണ്ണമ ായ വായന | 1.എല്ലാദിവസവും ക്ലാസുകളിൽ ഗ്രൂപ്പായി പത്രവായന നടത്തുക ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ അവസരം ഒരുക്കുക<br>2.ആഴ്ചയിൽ ഒരു ദിവസം ലൈബ്രറി പുസ്തകംവായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കി അസംബ്ലിയിൽ അവതരിപ്പിക്കുക<br>3.വായനാവാരാചരണവുമായി ബന്ധപ്പെട്ട് പുസ്തക പ്രദർശനങ്ങൾ സംഘടിപ്പിക്കുക | 6-7 മാസം | ക്ലാസ് അധ്യാപക ർ | പിടിഎ സന്നദ്ധ സംഘടനകൾ |
| ആശയവിനിമ ശേഷി വികസിപ്പിക്കുക | 1 പ്രദേശത്തുള്ള പ്രമുഖരുമായി അഭിമുഖം സംഘടിപ്പിക്കുക അതുമായി ബന്ധപ്പെട്ട കുറിപ്പുകൾ തയ്യാറാക്കുക<br>2.പ്രസംഗമത്സരങ്ങൾ സംഘടിപ്പിക്കുക<br>3.മലയാളത്തിളക്കം പോലുള്ള നിലവിലെ പദ്ധതികൾ നടപ്പിലാക്കുക | 6-7 മാസം | ക്ലാസ് അധ്യാപക ർ | പിടിഎ സന്നദ്ധ സംഘടനകൾ |
| സാഹിത്യ വളർത്തുകയും സർഗാത്മക രചനയ്ക്ക് | 1 ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പതിപ്പുകൾ തയ്യാറാക്കുക കുട്ടികളുടെ പതിപ്പുകൾ ക്ലാസ് പതിപ്പുകൾ | 6-7 മാസം | ക്ലാസ് അധ്യാപക ർ | പിടിഎ സന്നദ്ധ സംഘടനകൾ |

| | | | | |
|---|---|---|---|---|
| അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക | എന്നിവ തയ്യാറാക്കുക അവയുടെ എഡിറ്റിംഗ് പരിശീലനം നൽകുകയും ചെയ്യുക<br>2 തെളിവാനം വരയ്ക്കുന്നവർ എന്ന പുസ്തകം പ്രയോജനപ്പെടുത്തി ലഹരിക്കെതിരെ ആയ നാടകാവിഷ്കാരം കഥാരൂപത്തിലുള്ള ആവിഷ്കാരം എന്നിവയ്ക്ക് അവസരം നൽകുക<br>3<br>സർഗ്ഗ വേള ശക്തിപ്പെടുത്തുക | | | |

വിഷയം ഇംഗ്ലീഷ്

<u>ലക്ഷ്യങ്ങൾ :</u>

1.ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക

2 .ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക

3 സ്വതന്ത്ര വായനയ്ക്കും എഴുത്തിനും സജ്ജരാക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ അവസരം ഒരുക്കുക | 1 ഇംഗ്ലീഷ് സംസാരിക്കാൻ അവസരങ്ങൾ നൽകുക.ദൈനംദിന ക്ലാസ്സ് റൂം സംഭാഷണങ്ങളിൽ ഇംഗ്ലീഷ് ഉപയോഗിക്കുക<br>2 റോൾപേ സ്കിറ്റുകൾ എന്നിവ സംഘടിപ്പിക്കുക | 6-7 മാസം | ക്ലാസ് അധ്യാപകർ | പിടിഎ സന്നദ്ധ സംഘടനകൾ |
| ഇംഗ്ലീഷ് വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുക | 1 ഇംഗ്ലീഷ് കഥാപുസ്തകങ്ങൾ പത്രങ്ങൾ എന്നിവ വായിക്കാൻ അവസരം ഒരുക്കുക<br>2 ചിത്ര വായനയ്ക്കുള്ള അവസരങ്ങൾ ഒരുക്കുക | 2-3 വർഷം | ക്ലാസ് അധ്യാപകർ | പിടിഎ സന്നദ്ധ സംഘടനകൾ |
| ഇംഗ്ലീഷ് സാഹിത്യ | 1 ഇംഗ്ലീഷ് സിനിമകൾ | 1 വർഷം | ക്ലാസ് | പിടിഎ |

| | | | | |
|---|---|---|---|---|
| ആസ്വാദനം വളർത്തുക | കാണാനുള്ള അവസരം ഒരുക്കുക<br>2 ഇംഗ്ലീഷ് ഫെസ്റ്റ് ഇംഗ്ലീഷ് തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക | | അധ്യാപകർ | സന്നദ്ധ സംഘടനകൾ |

വിഷയം: ഹിന്ദി

<u>ലക്ഷ്യങ്ങൾ</u>

- ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വികസിപ്പിക്കുക
- ഹിന്ദിയിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക
- സ്വതന്ത്ര വായനയ്ക്ക് കുട്ടികളെ സജ്ജരാക്കുക

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി സംസാരിക്കാൻ അവസരം നൽകുക | ദൈനദിന ക്ലാസ് റൂം സംഭാഷണങ്ങളിൽ ഹിന്ദി ഉപയോഗിക്കുക<br>ഹിന്ദി റോൾപേസ് കിറ്റുകൾ എന്നിവ സംഘടിപ്പിക്കുക | 6-7 മാസം | ക്ലാസ് അധ്യാപകർ | പിടിഎ<br>സന്നദ്ധ സംഘടനകൾ |
| ഹിന്ദി വായനയും എഴുത്തുമ്പോൾ പ്രോത്സാഹിപ്പിക്കുക | ഹിന്ദി പുസ്തകങ്ങൾ വായിക്കാൻ പ്രോത്സാഹിപ്പിക്കുക<br>ഹിന്ദിയിൽ കഥാകവിത എന്നിവ നടത്താൻ പ്രോത്സാഹിപ്പിക്കുക<br>ഹിന്ദി ചിത്ര വായനയ്ക്കുള്ള അവസരങ്ങൾ ഒരുക്കുക | 6-7 മാസം | ക്ലാസ് അധ്യാപകർ | പിടിഎ<br>സന്നദ്ധ സംഘടനകൾ |
| ഹിന്ദി സാഹിത്യ ആസ്വാദനം വളർത്തുക | ഹിന്ദി സിനിമകൾ കാണാനുള്ള അവസരം ഒരുക്കുക<br>ഹിന്ദിഫെസ്റ്റ്,ഹിന്ദി ദിൻ എന്നിവ സംഘടിപ്പിക്കുക | | ക്ലാസ് അധ്യാപകർ | പിടിഎ<br>സന്നദ്ധ സംഘടനകൾ |

വിഷയം :ശാസ്ത്രം

<u>ലക്ഷ്യങ്ങൾ</u>

- ശാസ്ത്ര പഠനത്തിൽ താല്പര്യമുള്ള വളർത്തുക ശാസ്ത്രീയ അവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക
- ശാസ്ത്ര പരീക്ഷണങ്ങൾ നടത്താനുള്ള അവസരം ഒരുക്കുക ഇതിനു ഉതകും വിധം ആധുനിക സൗകര്യങ്ങളോടു കൂടിയുള്ള ലാബ് സജ്ജമാക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക | സയൻസ് ക്ലബ് പ്രവർത്തനങ്ങൾ ശാസ്ത്രപ്രദർശനങ്ങൾ സയൻസ് കോർണർ തുടങ്ങിയവ സംഘടിപ്പിക്കുക | 1 വർഷം | ക്ലാസ് അധ്യാപകർ | പിടിഎ സന്നദ്ധ സംഘടനകൾ |
| ശാസ്ത്ര അവബോധം വളർത്തുക | ലഘുപരീക്ഷണങ്ങൾ സംഘടിപ്പിക്കുക ശാസ്ത്രോപകരണനിർമ്മാണ ം ശാസ്ത്രമേഗസിൻ പ്രകൃതി പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുക | 6-7 മാസം | ക്ലാസ് അധ്യാപകർ | പിടിഎ സന്നദ്ധ സംഘടനകൾ |

വിഷയം:സാമൂഹ്യ ശാസ്ത്രം

<u>ലക്ഷ്യങ്ങൾ</u>

- സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് കഴിവുള്ളവർ ആക്കുക
- ജനാധിപത്യ സംസ്കാരം വളർത്തിയെടുക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ടുപോക്കിൽ തന്റെ ഉദര ഉത്തരവാധിത്വം അറിഞ്ഞ് പ്രവർത്തിക്കാൻ കഴിവുള്ളവരാക്കുക | ലഹരി വിരുദ്ധ പ്രവർത്തനം സംഘടിപ്പിക്കുക വ്യത്യസ്ത ദിനാചരണങ്ങൾ സംഘടിപ്പിക്കുക | 1 വർഷം | ക്ലാസ് അധ്യാപകർ | പിടിഎ സന്നദ്ധ സംഘടനകൾ |

| | | | | |
|---|---|---|---|---|
| ജനാധിപത്യ സംസ്കാരം വളർത്തിയെടുക്കുക | സ്കൂൾ പാർലമെൻറ് ഇലക്ഷൻ സംഘടിപ്പിക്കുക ഇതിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രക്രിയ നാട്ടിൽ നടക്കുന്ന തെരഞ്ഞെടുപ്പ് പ്രക്രിയ പരിചയപ്പെടാനുള്ള അവസരം ആക്കി മാറ്റൽ | 6-7 മാസം | ക്ലാസ് അധ്യാപകർ | പിടിഎ സന്നദ്ധ സംഘടനകൾ |

വിഷയം: ഗണിതം

<u>ലക്ഷ്യങ്ങൾ</u>

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
- ഓരോ ഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്ന് ഉറപ്പാക്കുക
- ശിശു സൗഹൃദ ഗണിതശാസ്ത്ര പഠനത്തിനായി ആവിഷ്കരിച്ച ഉല്ലാസ ഗണിതം ഗണിതം മധുരം തുടങ്ങിയ പദ്ധതികൾ സ്കൂളിൽ നടത്തുക

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക | ഉല്ലാസ ഗണിതം ഗണിതം മധുരം തുടങ്ങിയ പദ്ധതികളുടെ ഭാഗമായി ലഭിച്ച പഠനോപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് ഗണിതത്തിൽ പിന്നാക്കാൻ നിൽക്കുന്ന കുട്ടികൾക്ക് അടിസ്ഥാന ശേഷി ഉറപ്പിക്കാനാവശ്യമായ അവസരങ്ങൾ നൽകുക | 3-4 മാസം | ഗണിതാധ്യ ാപകർ | |
| ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക | നിത്യജീവിതത്തിൽ ഗണിതം ഉപയോഗപ്പെടുത്തുന്ന സന്ദർഭങ്ങൾ കണ്ടെത്തി അവ നിർദ്ധാരണം ചെയ്യുന്നതിനുള്ള | 1 വർഷം | ക്ലാസ് അധ്യാപക ർ | പിടിഎ സന്നദ്ധ സംഘടനക ൾ |

| | | | | |
|---|---|---|---|---|
| | അവസരങ്ങൾ ഒരുക്കുക | | | |
| ശിശു സൗഹൃദ ഗണിതശാസ്ത്ര പഠനം | സ്കൂളിൽ ലഭ്യമായ പഠനോപകരണങ്ങളുടെ സഹായത്താൽ കുട്ടികൾക്ക് ഗണിതത്തിൽ താല്പര്യമുണ്ടാക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുക | 1 വർഷം | ക്ലാസ് അധ്യാപകർ | പിടിഎ സന്നദ്ധ സംഘടനകൾ |

വിഷയം :ഐസിടി

<u>ലക്ഷ്യങ്ങൾ</u>

- പഠനബോധന പ്രക്രിയയിലും അറിവ് നിർമ്മാണ പ്രക്രിയയിലും കമ്പ്യൂട്ടർ ഉൾച്ചേർത്തുള്ള വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുക
- കുട്ടികൾക്ക് നിർഭയമായും സ്വതന്ത്രമായും കമ്പ്യൂട്ടർ അടക്കമുള്ള വിവരസാങ്കേതിക വ്യത്യാസ സാധ്യതകൾ ഉപയോഗിക്കാനുള്ള അവസരങ്ങൾ
- ഒരുക്കുക

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| പഠനബോധന പ്രക്രിയയിലും അറിവ് നിർമ്മാണ പ്രക്രിയയിലും കമ്പ്യൂട്ടർ ചേർത്തുള്ള വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുക | പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ആൽബം തയ്യാറാക്കൽ ജിയോജിബ്ര തുടങ്ങിയ പ്രവർത്തനങ്ങളിൽ എല്ലാം കമ്പ്യൂട്ടറിൻറെ സാധ്യത ഉപയോഗപ്പെടുത്തുക | 1 വർഷം | ക്ലാസ് അധ്യാപകർ | പിടിഎ സന്നദ്ധ സംഘടനകൾ |
| കുട്ടികൾക്ക് നിർഭയമായും സ്വതന്ത്രമായും | ഓരോ കുട്ടിക്കും സ്വന്തമായി ഐസിടി പാഠപുസ്തകത്തിലെ | 1 വർഷം | ക്ലാസ് അധ്യാപകർ | പിടിഎ സന്നദ്ധ സംഘടനക |

| | | | | |
|---|---|---|---|---|
| കമ്പ്യൂട്ടർ അടക്കമുള്ള സാങ്കേതികവിദ്യ സാധ്യതകൾ ഉപയോഗിക്കാനുള്ള അവസരങ്ങൾ ഒരുക്കുക | പ്രവർത്തനങ്ങൾ ചെയ്യാനുള്ള അവസരങ്ങൾ ഒരുക്കുക | | | ൾ |

<u>പൊതുവായ പ്രവർത്തനങ്ങൾ</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹരിത പരിസരം ഉറപ്പാക്കൽ | പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ നടുക<br>പച്ചത്തുരുത്തുകൾ തയ്യാറാക്കുക<br>ജൈവ പച്ചക്കറി തോട്ടം വിദ്യാലയത്തിൽ ഒരുക്കുക | 1 വർഷം | ക്ലാസ് അധ്യാപകർ | പിടിഎ സന്നദ്ധ സംഘടനകൾ |
| ലഹരി വിരുദ്ധ അവബോധം കുട്ടികളിൽ വളർത്തുക | പാഠപുസ്തകങ്ങളിലെ ആശയങ്ങൾ വിനിമയം ചെയ്യുമ്പോൾ അനുയോജ്യമായ സന്ദർഭങ്ങളിൽ ലഹരിക്കെതിരെ മനോഭാവം വളർത്താൻ ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക<br>തെളിവാനം വരയ്ക്കുന്നവർ എന്ന പുസ്തകത്തിലെ പ്രവർത്തനങ്ങൾ കുട്ടികളെ കൊണ്ട് ചെയ്യിക്കൽ<br>ലഹരി വിരുദ്ധ മുദ്രാ ഗീതങ്ങൾ രചിക്കുക<br>ലഹരി വിരുദ്ധ സന്ദേശങ്ങൾ | 1 വർഷം | ക്ലാസ് അധ്യാപകർ | പിടിഎ സന്നദ്ധ സംഘടനകൾ |

| | | | | |
|---|---|---|---|---|
| | പൊതുയിടങ്ങളിൽ പ്രചരിപ്പിക്കുക | | | |

പ്രവർത്തന പുരോഗതി വിലയിരുത്തൽ

കൃത്യമായ ഇടവേളകളിൽ എസ് ആർ ജി ചേർന്ന് അക്കാദമിക മാസ്റ്റർ പ്ലാനി ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതികൾ പരിശോധിക്കേണ്ടതുണ്ട്

ഉപസംഹാരം

നെടിയിരുപ്പ് ജി എൽ പി സ്കൂളിനെ പ്രദേശത്തെ ഏറ്റവും ഉന്നത അക്കാദമിക നിലവാരമുള്ള പ്രാഥമിക വിദ്യാലയമാക്കി മാറ്റുക എന്ന ലക്ഷ്യം കൈവരിക്കാൻ ഉതകുന്ന പ്രവർത്തനങ്ങളാണ് അക്കാദമിക മാസ്റ്റർപ്ളാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത് .ജനാധിപത്യ മതനിരപേക്ഷ മൂല്യങ്ങൾ ഉള്ള ശാസ്ത്രവബോധമുള്ള ഒരു പുതിയ തലമുറയ്ക്ക് രൂപം കൊടുക്കുന്നതിന് ഈ പ്രവർത്തനങ്ങൾ ഏറെ സഹായകമാവും. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിൽ ഊന്നിക്കൊണ്ട് പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുക എന്ന സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ കാതൽ ഉൾക്കൊണ്ടുകൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാനിന് രൂപം നൽകിയിട്ടുള്ളത് വിദ്യാലയ മികവ് എന്നാൽ അക്കാദമികമാണ് അതുകൊണ്ടുതന്നെ കരിക്കുലം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ അതത് പ്രായ ഘട്ടത്തിൽ കുട്ടികൾക്ക് ലഭിച്ചു എന്ന് ഉറപ്പാക്കും വിധമാണ് അക്കാദമി ആസൂത്രണം നടത്തിയിട്ടുള്ളത്.കുട്ടികളുടെ ശാരീരിക മാനസിക വൈകാരിക തലങ്ങളെ കണ്ടുകൊണ്ടുള്ള അക്കാദമിക ആസൂത്രണമാണ് ഉൾക്കൊള്ളിച്ചത്. ഒരു ജനാധിപത്യ സമൂഹത്തിൽ ജീവിക്കാൻ ആവശ്യമായ അറിവും കഴിവും മനോഭാവവും ഉള്ളവരായി കുട്ടികൾ വളരണം എന്ന ഉദ്ദേശത്തോടുകൂടിയ ഈ അക്കാദമിക മാസ്റ്റർപ്ളാൻ വിദ്യാലയ മികവിനായി സമർപ്പിക്കുന്നു.